നിന്നും സസ്പെന്റ് ചെയ്യപ്പെട്ട 13 ഉദ്യോഗസ്ഥരിൽ 7 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

അച്ചടി-ദൃശ്യ-മാധ്യമങ്ങൾക്ക് നൽകുന്ന കേസുകളുടെ വിവരങ്ങൾ

201 (202) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ-മാധ്യമങ്ങൾക്കു നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിലും നിലവിലുള്ള നിയന്ത്രണ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പോലീസ് ആക്ടിലും, മനുഷ്യാവകാശ നിബന്ധനകളിലും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ ലംഘനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും, വ്യവസ്ഥാ ലംഘനത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ 2013, 2014 കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നല്കുമോ?

ഉത്തരം

(എ & ബി) കേരള പോലീസ് ആക്ടിലെ അദ്ധ്യായം 5 വകുപ്പ് 31 (3) പ്രകാരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ-മാധ്യമങ്ങൾക്കു നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും ഇവയുടെ ലംഘനം നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത വ്യവസ്ഥാ ലംഘനത്തിന്റെ പേരിൽ 2013, 2014 വർഷ കാലയളവിനിടയിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫറൂക്ക് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെ ഇത്തരം വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly